**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 152** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഗൈഡ് വയർ ശരീരത്തിൽ കുടുങ്ങിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2023 മാർച്ചിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന തൈറോയ്ഡ് ശസ്ത്രക്രിയയ്ക്കിടയിൽ രോഗിയുടെ ശരീരത്തിനുള്ളിൽ ഗൈഡ് വയർ കുടുങ്ങിയ സംഭവത്തിലെ അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മൂന്ന് മാസത്തോളമായി തൈറോയിഡ് സംബന്ധമായ വീക്കം ഉണ്ടായിരുന്ന യുവതി **15.03.2023**-ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒ.പിയിൽ ചികിത്സയ്ക്കായി വരികയും ഡോക്ടർമാരുടെ പരിശോധനയിൽ പാപ്പിലറി കാർസിനോമ കണ്ടെത്തിയതിനാൽ തൈറോയിഡ് സർജറി അനിവാര്യമായ സാഹചര്യത്തിൽ ടിയാളെ **20/03/2023** ന് തൈറോയ്ഡ് ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ചെയ്തു. തുടർന്ന് യുവതിക്ക് ആവശ്യമായ ചികിത്സയും പരിചരണവും നൽകി 30/03/2023 ന് ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത ഭാഗം ജനറൽ ആശുപത്രിയിൽ നിന്നും അപ്പോൾ തന്നെ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്തുകയുണ്ടായി. 2025 മാർച്ച് മാസം ചികിത്സയുടെ ഭാഗമായി RCC-യിൽ നടത്തിയ എക്സ്റേ പരിശോധനയിൽ രക്തക്കുഴൽ വഴി മരുന്നുകൾ നൽകാനുപയോഗിക്കുന്ന സെൻട്രൽ ലൈനിന്റെ ഭാഗമായുള്ള ഗൈഡ് വയർ ശ്രദ്ധയിൽപ്പെട്ടു. ഇതിനെ തുടർന്ന് തിരുവനന്തപുരം ജനറൽ ആശുപത്രി സൂപ്രണ്ട് 2025 ഏപ്രിലിൽ തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ അഭിപ്രായം തേടി. ഇതുകൊണ്ട് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകില്ല എന്ന അഭിപ്രായമാണ് ലഭിച്ചതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും പ്രസ്തുത വിഷയം സൂപ്രണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി.ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ |

വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ സേവന വകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, റേഡിയോ ഡയഗ്നോസിസ്, അനസ്തേഷ്യോളജി, ജനറൽ സർജറി വിഭാഗം എന്നിവരുൾപ്പെട്ട വിദഗ്ധ സമിതിയെ 2025 ആഗസ്റ്റ് മാസം ചുമതലപ്പെടുത്തുകയുണ്ടായി. ഇവർക്ക് പുറമെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗം മേധാവി, അനസ്തേഷ്യ വിഭാഗം മേധാവി, ക്രിട്ടിക്കൽ അനസ്തേഷ്യ വിഭാഗം മേധാവി, കാർഡിയോളജി വിഭാഗം മേധാവി എന്നിവരെ കൂടി സമിതിയിൽ ഉൾപ്പെടുത്തി. 03/09/2025-ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേംബറിൽ വിദഗ്ധ സമിതി യോഗം ചേരുകയും അന്നേ ദിവസം യുവതി വിദഗ്ധ സമിതിക്ക് മുമ്പാകെ ഹാജരാകുകയും ടിയാൾ ഹാജരാക്കിയ രേഖകൾ സമിതി പരിശോധിക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തു. യുവതിയുടെ ശസ്ത്രക്രിയ നടത്തിയ ആരോഗ്യ പ്രവർത്തകരും സമിതിക്ക് മുൻപാകെ ഹാജരായി മൊഴി നൽകുകയുണ്ടായി.

വിദഗ്ധ സമിതിയുടെ തീരുമാന പ്രകാരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി, കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായം തേടുന്നതിനായി നിലവിലെ അംഗങ്ങൾക്ക് പുറമെ പ്രസ്തുത സ്ഥാപനത്തിലെ ഡോക്ടർമാരെയും കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടറെയും സമിതിയിൽ ഉൾപ്പെടുത്തി.

25/09/2025ന് വിദഗ്ധ സമിതി വീണ്ടും ചേർന്നു. ഗൈഡ് വയർ മാറ്റാൻ ശ്രമിക്കുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുമെന്നതിനാൽ റീട്ടെയിൻ ചെയ്യുന്നതാണ് ഉചിതം എന്നതാണ് വിദഗ്ധ സമിതിയുടെ നിർദ്ദേശമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഈ കാര്യങ്ങൾ യുവതിയെ ബോധ്യപ്പെടുത്തുന്നതിനായി 03/10/2025 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകുവാൻ യുവതിയോട് ആവശ്യപ്പെടുകയും യുവതി ബന്ധുക്കളോടൊപ്പം ഹാജരാവുകയും ചെയ്തു. ഗൈഡ് വയർ ചലിക്കാതെ സ്ഥിരമായി ശരീരത്തിൽ

| | | | |
|---|---|---|---|
| | | | നിലനിൽക്കുകയാണെന്നും ആരോഗ്യത്തിന് പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യത ഇല്ലെന്നും ഡോക്ടർമാർ യുവതിയോട് വിശദീകരിച്ചു. എന്നാൽ ഗൈഡ് വയർ ശരീരത്തിൽ നിലനിൽക്കുന്നത് സംബന്ധിച്ച് യുവതിയും ബന്ധുക്കളും ആശങ്കാകുലരായിരുന്നതിനാൽ വലത് ഹൃദയ കത്തീറ്ററൈസേഷൻ പരിശോധന നടത്താമെന്ന് ഡോക്ടർമാർ യുവതിയെയും ബന്ധുക്കളെയും അറിയിച്ചു. 09/10/2025 ന് ഒരു എക്കോ കാർഡിയോഗ്രാം നടത്തുകയും വലത് ആട്രിയക്കുള്ളിൽ ഗൈഡ് വയർ സ്വതന്ത്രമായി കാണപ്പെടുകയും ഹൃദയത്തിന്റെ ഭിത്തികളിൽ യാതൊരു ബന്ധനവും ഉണ്ടായിരുന്നില്ല എന്ന് കണ്ടെത്തുകയും ചെയ്തു.<br><br>10/10/2025 ന് വലത് ഹൃദയ കത്തീറ്ററൈസേഷൻ നടത്തിയിരുന്നു. ഏതെങ്കിലും പെർക്യൂട്ടേനിയസ് രീതിയിലൂടെ ഗൈഡ് വയർ നീക്കം ചെയ്യാൻ കഴിയില്ലെന്നും കൂടാതെ, ഇത് സ്ഥിരതയുള്ള ഒരു സ്ഥാനത്താണെന്നും, മൈഗ്രേറ്റ് ചെയ്യാൻ സാധ്യതയില്ല എന്നും നിലനിർത്തിയ ഗൈഡ് വയറിന്റെ നിഷ്ക്രിയ സ്വഭാവത്തെക്കുറിച്ചും യുവതിയെയും ബന്ധുക്കളെയും അറിയിച്ചിരുന്നു.<br><br>മേൽപ്പറഞ്ഞവയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി 27.11.2025-ന് യോഗം ചേർന്ന് അന്തിമ റിപ്പോർട്ട് നൽകി. ഗൈഡ് വയർ ശരീരത്തിനുള്ളിൽ സ്ഥിരമായ നിലയിലാണെന്നും നീങ്ങുന്നതിന് സാധ്യതയില്ലായെന്നും ആയതിനാൽ യുവതിയുടെ ആരോഗ്യത്തിന് പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയില്ല എന്നുമുള്ള നിഗമനത്തിലാണ് സമിതി എത്തിച്ചേർന്നത്. ഈ ഘട്ടത്തിൽ കൂടുതൽ ഇടപെടൽ ആവശ്യമില്ലായെന്നും ഇക്കാര്യം യുവതിയെയും ബന്ധുക്കളെയും അറിയിച്ചു എന്നും ആണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. |
| (ബി) | ശസ്ത്രക്രിയ നടത്തിയ ഡോക്ടർക്ക് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | മൂന്ന് മാസത്തോളമായി തൈറോയിഡ് സംബന്ധമായ വീക്കം ഉണ്ടായിരുന്ന യുവതി **15.03.2023**-ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒ.പിയിൽ ചികിത്സയ്ക്കായി വരികയും ഡോക്ടർമാരുടെ പരിശോധനയിൽ പാപ്പിലറി കാർസിനോമ കണ്ടെത്തിയതിനാൽ തൈറോയിഡ് സർജറി അനിവാര്യമായ സാഹചര്യത്തിൽ ടിയാളെ **20/03/2023** ന് തൈറോയ്ഡ് ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ചെയ്തു. തുടർന്ന് യുവതിക്ക് ആവശ്യമായ ചികിത്സയും പരിചരണവും നൽകി |

30/03/2023 ന് ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത ഭാഗം ജനറൽ ആശുപത്രിയിൽ നിന്നും അപ്പോൾ തന്നെ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്തുകയുണ്ടായി. 2025 മാർച്ച് മാസം ചികിത്സയുടെ ഭാഗമായി RCC-യിൽ നടത്തിയ എക്സ്റേ പരിശോധനയിൽ രക്തക്കുഴൽ വഴി മരുന്നുകൾ നൽകാനുപയോഗിക്കുന്ന സെൻട്രൽ ലൈനിന്റെ ഭാഗമായുള്ള ഗൈഡ് വയർ ശ്രദ്ധയിൽപ്പെട്ടു. ഇതിനെ തുടർന്ന് തിരുവനന്തപുരം ജനറൽ ആശുപത്രി സൂപ്രണ്ട് 2025 ഏപ്രിലിൽ തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ അഭിപ്രായം തേടി. ഇതുകൊണ്ട് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകില്ല എന്ന അഭിപ്രായമാണ് ലഭിച്ചതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും പ്രസ്തുത വിഷയം സൂപ്രണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി.ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ ആരോഗ്യ വകുപ്പിലെ  അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ സേവന വകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, റേഡിയോ ഡയഗ്നോസിസ്, അനസ്തേഷ്യോളജി, ജനറൽ സർജറി വിഭാഗം എന്നിവരുൾപ്പെട്ട വിദഗ്ദ്ധ സമിതിയെ 2025 ആഗസ്റ്റ് മാസം ചുമതലപ്പെടുത്തുകയുണ്ടായി. ഇവർക്ക് പുറമെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗം മേധാവി, അനസ്തേഷ്യ വിഭാഗം മേധാവി, ക്രിട്ടിക്കൽ അനസ്തേഷ്യ വിഭാഗം മേധാവി, കാർഡിയോളജി വിഭാഗം മേധാവി എന്നിവരെ കൂടി സമിതിയിൽ ഉൾപ്പെടുത്തി. 03/09/2025-ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേംബറിൽ വിദഗ്ദ്ധ സമിതി യോഗം ചേരുകയും അന്നേ ദിവസം യുവതി വിദഗ്ദ്ധ സമിതിക്ക് മുമ്പാകെ ഹാജരാകുകയും ടിയാൾ ഹാജരാക്കിയ രേഖകൾ സമിതി പരിശോധിക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തു. യുവതിയുടെ ശസ്ത്രക്രിയ നടത്തിയ ആരോഗ്യ പ്രവർത്തകരും സമിതിക്ക് മുൻപാകെ ഹാജരായി മൊഴി നൽകുകയുണ്ടായി.

വിദഗ്ദ്ധ സമിതിയുടെ തീരുമാന പ്രകാരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി, കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി എന്നീ

വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായം തേടുന്നതിനായി നിലവിലെ അംഗങ്ങൾക്ക് പുറമെ പ്രസ്തുത സ്ഥാപനത്തിലെ ഡോക്ടർമാരെയും കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടറെയും സമിതിയിൽ ഉൾപ്പെടുത്തി.

25/09/2025ന് വിദഗ്ധ സമിതി വീണ്ടും ചേർന്നു. ഗൈഡ് വയർ മാറ്റാൻ ശ്രമിക്കുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുമെന്നതിനാൽ റീട്ടെയിൻ ചെയ്യുന്നതാണ് ഉചിതം എന്നതാണ് വിദഗ്ധ സമിതിയുടെ നിർദ്ദേശമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഈ കാര്യങ്ങൾ യുവതിയെ ബോധ്യപ്പെടുത്തുന്നതിനായി 03/10/2025 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകുവാൻ യുവതിയോട് ആവശ്യപ്പെടുകയും യുവതി ബന്ധുക്കളോടൊപ്പം ഹാജരാവുകയും ചെയ്തു. ഗൈഡ് വയർ ചലിക്കാതെ സ്ഥിരമായി ശരീരത്തിൽ നിലനിൽക്കുകയാണെന്നും ആരോഗ്യത്തിന് പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യത ഇല്ലെന്നും ഡോക്ടർമാർ യുവതിയോട് വിശദീകരിച്ചു. എന്നാൽ ഗൈഡ് വയർ ശരീരത്തിൽ നിലനിൽക്കുന്നത് സംബന്ധിച്ച് യുവതിയും ബന്ധുക്കളും ആശങ്കാകുലരായിരുന്നതിനാൽ വലത് ഹൃദയ കത്തീറ്ററൈസേഷൻ പരിശോധന നടത്താമെന്ന് ഡോക്ടർമാർ യുവതിയെയും ബന്ധുക്കളെയും അറിയിച്ചു. 09/10/2025 ന് ഒരു എക്കോ കാർഡിയോഗ്രാം നടത്തുകയും വലത് ആട്രിയക്കുള്ളിൽ ഗൈഡ് വയർ സ്വതന്ത്രമായി കാണപ്പെടുകയും ഹൃദയത്തിന്റെ ഭിത്തികളിൽ യാതൊരു ബന്ധനവും ഉണ്ടായിരുന്നില്ല എന്ന് കണ്ടെത്തുകയും ചെയ്തു.

10/10/2025 ന് വലത് ഹൃദയ കത്തീറ്ററൈസേഷൻ നടത്തിയിരുന്നു. ഏതെങ്കിലും പെർക്യൂട്ടേനിയസ് രീതിയിലൂടെ ഗൈഡ് വയർ നീക്കം ചെയ്യാൻ കഴിയില്ലെന്നും കൂടാതെ, ഇത് സ്ഥിരതയുള്ള ഒരു സ്ഥാനത്താണെന്നും, മൈഗ്രേറ്റ് ചെയ്യാൻ സാധ്യതയില്ല എന്നും നിലനിർത്തിയ ഗൈഡ് വയറിന്റെ നിഷ്ക്രിയ സ്വഭാവത്തെക്കുറിച്ചും യുവതിയെയും ബന്ധുക്കളെയും അറിയിച്ചിരുന്നു.

മേൽപ്പറഞ്ഞവയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി 27.11.2025-ന് യോഗം ചേർന്ന് അന്തിമ റിപ്പോർട്ട് നൽകി. ഗൈഡ്

| | | | |
|---|---|---|---|
| | | | വയർ ശരീരത്തിനുള്ളിൽ സ്ഥിരമായ നിലയിലാണെന്നും നീങ്ങുന്നതിന് സാധ്യതയില്ലായെന്നും ആയതിനാൽ യുവതിയുടെ ആരോഗ്യത്തിന് പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയില്ല എന്നുമുള്ള നിഗമനത്തിലാണ് സമിതി എത്തിച്ചേർന്നത്. ഈ ഘട്ടത്തിൽ കൂടുതൽ ഇടപെടൽ ആവശ്യമില്ലായെന്നും ഇക്കാര്യം യുവതിയെയും ബന്ധുക്കളെയും അറിയിച്ചു എന്നും ആണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. |
| (സി) | ശരീരത്തിനുള്ളിൽ കുടുങ്ങിയ ഗൈഡ് വയർ പുറത്തെടുക്കാൻ കഴിയുമോയെന്ന് വിദഗ്ധപരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മൂന്ന് മാസത്തോളമായി തൈറോയിഡ് സംബന്ധമായ വീക്കം ഉണ്ടായിരുന്ന യുവതി **15.03.2023-**ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒ.പിയിൽ ചികിത്സയ്ക്കായി വരികയും ഡോക്ടർമാരുടെ പരിശോധനയിൽ പാപ്പിലറി കാർസിനോമ കണ്ടെത്തിയതിനാൽ തൈറോയിഡ് സർജറി അനിവാര്യമായ സാഹചര്യത്തിൽ ടിയാളെ **20/03/2023** ന് തൈറോയ്ഡ് ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ചെയ്തു. തുടർന്ന് യുവതിക്ക് ആവശ്യമായ ചികിത്സയും പരിചരണവും നൽകി 30/03/2023 ന് ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത ഭാഗം ജനറൽ ആശുപത്രിയിൽ നിന്നും അപ്പോൾ തന്നെ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്തുകയുണ്ടായി. 2025 മാർച്ച് മാസം ചികിത്സയുടെ ഭാഗമായി RCC-യിൽ നടത്തിയ എക്സ്റേ പരിശോധനയിൽ രക്തകുഴൽ വഴി മരുന്നുകൾ നൽകാനുപയോഗിക്കുന്ന സെൻട്രൽ ലൈനിന്റെ ഭാഗമായുള്ള ഗൈഡ് വയർ ശ്രദ്ധയിൽപ്പെട്ടു. ഇതിനെ തുടർന്ന് തിരുവനന്തപുരം ജനറൽ ആശുപത്രി സൂപ്രണ്ട് 2025 ഏപ്രിലിൽ തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ അഭിപ്രായം തേടി. ഇതുകൊണ്ട് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകില്ല എന്ന അഭിപ്രായമാണ് ലഭിച്ചതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എങ്കിലും പ്രസ്തുത വിഷയം സൂപ്രണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി.ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ സേവന വകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, റേഡിയോ ഡയഗ്നോസിസ്, അനസ്തേഷ്യോളജി, ജനറൽ സർജറി വിഭാഗം എന്നിവരുൾപ്പെട്ട വിദഗ്ധ സമിതിയെ 2025 ആഗസ്റ്റ് മാസം ചുമതലപ്പെടുത്തുകയുണ്ടായി. ഇവർക്ക് പുറമെ |

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗം മേധാവി, അനസ്തേഷ്യ വിഭാഗം മേധാവി, ക്രിട്ടിക്കൽ അനസ്തേഷ്യ വിഭാഗം മേധാവി, കാർഡിയോളജി വിഭാഗം മേധാവി എന്നിവരെ കൂടി സമിതിയിൽ ഉൾപ്പെടുത്തി. 03/09/2025-ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേംബറിൽ വിദഗ്ദ്ധ സമിതി യോഗം ചേരുകയും അന്നേ ദിവസം യുവതി വിദഗ്ദ്ധ സമിതിക്ക് മുമ്പാകെ ഹാജരാകുകയും ടിയാൾ ഹാജരാക്കിയ രേഖകൾ സമിതി പരിശോധിക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തു. യുവതിയുടെ ശസ്ത്രക്രിയ നടത്തിയ ആരോഗ്യ പ്രവർത്തകരും സമിതിക്ക് മുൻപാകെ ഹാജരായി മൊഴി നൽകുകയുണ്ടായി.

വിദഗ്ദ്ധ സമിതിയുടെ തീരുമാന പ്രകാരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റഡ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി, കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായം തേടുന്നതിനായി നിലവിലെ അംഗങ്ങൾക്ക് പുറമെ പ്രസ്തുത സ്ഥാപനത്തിലെ ഡോക്ടർമാരെയും കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടറെയും സമിതിയിൽ ഉൾപ്പെടുത്തി.

25/09/2025ന് വിദഗ്ദ്ധ സമിതി വീണ്ടും ചേർന്നു. ഗൈഡ് വയർ മാറ്റാൻ ശ്രമിക്കുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുമെന്നതിനാൽ റീട്ടെയിൻ ചെയ്യുന്നതാണ് ഉചിതം എന്നതാണ് വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഈ കാര്യങ്ങൾ യുവതിയെ ബോധ്യപ്പെടുത്തുന്നതിനായി 03/10/2025 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകുവാൻ യുവതിയോട് ആവശ്യപ്പെടുകയും യുവതി ബന്ധുക്കളോടൊപ്പം ഹാജരാവുകയും ചെയ്തു. ഗൈഡ് വയർ ചലിക്കാതെ സ്ഥിരമായി ശരീരത്തിൽ നിലനിൽക്കുകയാണെന്നും ആരോഗ്യത്തിന് പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യത ഇല്ലെന്നും ഡോക്ടർമാർ യുവതിയോട് വിശദീകരിച്ചു. എന്നാൽ ഗൈഡ് വയർ ശരീരത്തിൽ നിലനിൽക്കുന്നത് സംബന്ധിച്ച് യുവതിയും ബന്ധുക്കളും ആശങ്കാകുലരായിരുന്നതിനാൽ വലത് ഹൃദയ

| | | | |
|---|---|---|---|
| | | | കത്തീറ്ററൈസേഷൻ പരിശോധന നടത്താമെന്ന് ഡോക്ടർമാർ യുവതിയെയും ബന്ധുക്കളെയും അറിയിച്ചു. 09/10/2025 ന് ഒരു എക്കോ കാർഡിയോഗ്രാം നടത്തുകയും വലത് ആട്രിയക്കുള്ളിൽ ഗൈഡ് വയർ സ്വതന്ത്രമായി കാണപ്പെടുകയും ഹൃദയത്തിന്റെ ഭിത്തികളിൽ യാതൊരു ബന്ധനവും ഉണ്ടായിരുന്നില്ല എന്ന് കണ്ടെത്തുകയും ചെയ്തു.<br><br>10/10/2025 ന് വലത് ഹൃദയ കത്തീറ്ററൈസേഷൻ നടത്തിയിരുന്നു. ഏതെങ്കിലും പെർക്യൂട്ടേനിയസ് രീതിയിലൂടെ ഗൈഡ് വയർ നീക്കം ചെയ്യാൻ കഴിയില്ലെന്നും കൂടാതെ, ഇത് സ്ഥിരതയുള്ള ഒരു സ്ഥാനത്താണെന്നും, മൈഗ്രേറ്റ് ചെയ്യാൻ സാധ്യതയില്ല എന്നും നിലനിർത്തിയ ഗൈഡ് വയറിന്റെ നിഷ്ക്രിയ സ്വഭാവത്തെക്കുറിച്ചും യുവതിയെയും ബന്ധുക്കളെയും അറിയിച്ചിരുന്നു.<br><br>മേൽപ്പറഞ്ഞവയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി 27.11.2025-ന് യോഗം ചേർന്ന് അന്തിമ റിപ്പോർട്ട് നൽകി. ഗൈഡ് വയർ ശരീരത്തിനുള്ളിൽ സ്ഥിരമായ നിലയിലാണെന്നും നീങ്ങുന്നതിന് സാധ്യതയില്ലായെന്നും ആയതിനാൽ യുവതിയുടെ ആരോഗ്യത്തിന് പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയില്ല എന്നുമുള്ള നിഗമനത്തിലാണ് സമിതി എത്തിച്ചേർന്നത്. ഈ ഘട്ടത്തിൽ കൂടുതൽ ഇടപെടൽ ആവശ്യമില്ലായെന്നും ഇക്കാര്യം യുവതിയെയും ബന്ധുക്കളെയും അറിയിച്ചു എന്നും ആണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. |
| (ഡി) | ഈ വിഷയത്തിൽ നഷ്ടപരിഹാരം നൽകണമെന്ന യുവതിയുടെ ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ